"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ലിസി. ജി-യുടെ പിതാവിന്റെ ചികിത്സയ്ക്ക് ചെലവായ തുക പ്രതിപൂരണം ചെയ്യുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.2766/2024/H&FWD തീയതി,തിരുവനന്തപുരം, 18-11-2024

---

പരാമർശം:-

1. ശ്രീമതി. ലിസി. ജി സമർപ്പിച്ച 22/03/2022 തീയതിയിലെ അപേക്ഷ.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18/10/2022 തീയതിയിലെ എം.എച്ച്2-64155/2022/ആ.വ.ഡ നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ലിസി ജി., തന്റെ പിതാവിന്റെ ചികിത്സ 03.02.2022 മുതൽ 26.02.2022 വരെ കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ നടത്തിയതിന് ചെലവായ തുക പ്രതിപൂരണം ചെയ്ത് നല്കണം എന്നഭ്യർത്ഥിച്ച് പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ഇക്കാര്യത്തിൽ പ്രത്യേകാനുമതി ആവശ്യമാണെന്നും അനുവദനീയമായ തുക 50,171/- (അമ്പതിനായിരത്തി ഒരുനൂറ്റി എഴുപത്തിയൊന്ന് രൂപ മാത്രം) രൂപയാണെന്നും പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലാ മെഡിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ലിസി ജി, തന്റെ പിതാവിന്റെ ചികിത്സ 03.02.2022 മുതൽ 26.02.2022 വരെ കൊല്ലം ബിഷപ്പ് ബെൻസിഗർ ആശുപത്രിയിൽ നടത്തിയ വകയിൽ ചെലവഴിച്ച തുകയിൽ ജില്ലാ മെഡിക്കൽ ഓഫീസർ അനുവദനീയമായി അറിയിച്ചിട്ടുള്ള 50,171/- രൂപയുടെ 80% ആയ 40,137/- (നാൽപ്പതിനായിരത്തി നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) രൂപ, ഒരു പ്രത്യേക കേസായി കണക്കാക്കി, പ്രതിപൂരണം ചെയ്തു നൽകുന്നതിന് അനുമതി നൽകി

ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിജി സി എൻ

അണ്ടർ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(അപേക്ഷ, മെഡിക്കൽ ബില്ലുകൾ, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ എന്നിവ സഹിതം).

ശ്രീമതി. ലിസി ജി, ഓഫീസ് അറ്റൻഡന്റ്, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

ജില്ലാ മെഡിക്കൽ ഓഫീസർ, കൊല്ലം.

മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ്, കൊല്ലം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് (31/07/2023-ലെ ജി2/953/2023-HEALTH നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

ധനകാര്യ (ലോൺസ്) വകുപ്പ് (14/08/2024-ലെ 2552984 LNS-L8/53/2023-FIN
നമ്പർ അഭിപ്രായക്കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ശേഖരം / ഓഫീസ് കോപ്പി (F2/288/2022-HEALTH നമ്പർ ഫയലിലേയ്ക്ക്).

ഉത്തരവിൻ പ്രകാരം

Signed by
Vilasini K V
Date: 16-11-2024 14:09:20

സെക്ഷൻ ഓഫീസർ